**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **11-06-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി ചിലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ; | (എ) | കായംകുളം ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, കെട്ടിട നിർമ്മാണത്തിനു 12.10.2017 ലെ ഉത്തരവ് നം. APR-3/137/2017/KIIFB പ്രകാരം 5 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് മുഖേന 15.08.2022 ൽ പൂർത്തികരിച്ചിട്ടുണ്ട്. ടി സ്കൂളിലെ എച്ച് എസ് ബ്ലോക്കിൽ 8 ക്ലാസ്സ് റൂമുകളും ഫസ്റ്റ് ഫ്ലോറിലെ ഹാബിറ്റാറ്റ് ബ്ലോക്കിൽ രണ്ട് ഹാളുകൾ, ഒരു കമ്പ്യൂട്ടർ ലാബ്, ഒരു ബോയ്സ് ടോയ്ലെറ്റ് ബ്ലോക്ക് എന്നിവയും ഗ്രൗണ്ട് ഫ്ലോറിലെ ഓഡിറ്റോറിയം ബ്ലോക്കിൽ ഒരു ഓഡിറ്റോറിയം, മൂന്ന് ടോയ്ലെറ്റ്, അഡീഷണൽ സ്റ്റെയർ എന്നിവയുമാണ് നിർമ്മിച്ചത്. ടി പ്രവൃത്തികൾക്കായി നാളിതുവരെ 2.85 കോടി രൂപ കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കി വന്നിട്ടുള്ള തുക വിനിയോഗിച്ച് ഇതേ സ്കൂളിൽ പുതിയ പദ്ധതികൾക്ക് അനുമതി നൽകാൻ കഴിയുമോ എന്ന് വിശദമാക്കാമോ? | (ബി) | കായംകുളം ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ പ്രവൃത്തിയ്ക്ക് നാളിതുവരെ 2.85 കോടി രൂപ കിഫ്ബിയിൽ നിന്നും നല്കിയിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന കിഫ്ബി പദ്ധതികൾക്കും മന്ത്രിസഭ യോഗ തീരുമാന പ്രകാരം കിഫ്ബി വഴി നടപ്പിലാക്കാൻ അംഗീകരിക്കുന്ന പദ്ധതികൾക്കും മാത്രമാണ് കിഫ്ബി ഫണ്ട് അനുവദിക്കുന്നത്. ആയതിനാൽ ഒരു കിഫ്ബി പദ്ധതിയ്ക്ക് നൽകിയ സാമ്പത്തികാനുമതിയിൽ നിന്ന് പദ്ധതി പൂർത്തികരണത്തിനു ശേഷം ബാക്കി വരുന്ന തുക മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ കിഫ്ബി മാനദണ്ഡ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ